(എ) ഉണ്ട്.

(ബി) ഒരു കിലോമീറ്ററിലെ വരുമാനം 934 പൈസയിൽ നിന്നും 1300 പൈസയായി വർദ്ധിച്ചു. ബ്രേക്ക് ഡൗൺ നിരക്ക് 10,000 കി. മീറ്ററിന് 1.2-ൽ നിന്ന് 0.8 ആയി കുറഞ്ഞു. ഈ സർക്കാർ അധികാരമേറ്റശേഷം യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 954 പുതിയ സർവ്വീസുകൾ തുടങ്ങി. പുതിയ 13 സബ് സ്റ്റേഷനുകൾ തുടങ്ങി. പുതിയ 13 ബസ് സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചു. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് വാങ്ങിയ 512 ബസ് ഉൾപ്പെടെ 2071 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. പുതിയ ടൗൺ ടു ടൗൺ ചെയിൻ സർവ്വീസുകൾ ആരംഭിച്ച് യാത്രാക്ലേശം കുറയ്ക്കുവാൻ നടപടികൾ സ്വീകരിച്ചു. മൊത്തത്തിലുള്ള കിലോമീറ്റർ ഓപ്പറേഷൻ കൂട്ടിയിട്ടുണ്ട്. കോർപ്പറേഷന്റെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ കോർപ്പറേഷൻ ഇപ്പോഴും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(സി) ഉണ്ട്. 96 മേയ് മാസത്തിൽ ശരാശരി പ്രതിദിന വരുമാനം 93.9 ലക്ഷം രൂപ ആയിരുന്നത് 2001 ഫെബ്രുവരിയിൽ 159 ലക്ഷം രൂപയായി വർദ്ധിച്ചു.

(ഡി) ഉണ്ട്. ദേശസാൽകൃതമേഖലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് പ്രധാനപ്പെട്ട സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ടൗൺ ടു ടൗൺ സർവ്വീസുകൾ ആരംഭിക്കുന്നതിനും ഇടുക്കി മലബാർ മേഖലകളിൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനും പരിപാടിയുണ്ട്.

(ഇ) ഉണ്ട്. തിരുവനന്തപുരം സെൻട്രൽ, കൊട്ടാരക്കര, കണ്ണൂർ എന്നീ യൂണിറ്റുകളിൽ ടിക്കറ്റ് കൃാഷ് സെക്ഷൻ കംപ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. മറ്റ് യൂണിറ്റുകളും ഘട്ടംഘട്ടമായി കമ്പ്യൂട്ടർവൽക്കരിക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

(എഫ്) പുതിയ വർക്ക്ഷോപ്പുകൾ ആരംഭിച്ചിട്ടില്ല. നിലവിലുള്ള വർക്ക്ഷോപ്പുകളിൽ ബോഡിബിൽഡിംഗ് സൗകര്യം മെച്ചപ്പെടുത്തി. പാപ്പനംകോട് സെൻട്രൽ വർക്ക്സിൽ മാസം തോറും 75 പുതിയ ബസ്സ് ബോഡി ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി. മറ്റ് റീജിയണൽ വർക്ക്ഷോപ്പുകളായ മാവേലിക്കര, ആലുവാ, ഇടപ്പാൾ എന്നിവിടങ്ങളിൽ മാസംതോറും 10 ബസ്സിന്റെ ബോഡി നിർമ്മിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തി. കൂടാതെ കോഴിക്കോട് റീജിയണൽ വർക്ക്ഷോപ്പിൽ പ്രതിമാസം രണ്ട് പുതിയ എക്സ്പ്രസ്സ് ബസ്സുകളുടെ ബോഡി നിർമ്മിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ജി) സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 970 പേരെ ആശ്രിത നിയമനം വഴി നിയമിച്ചു കഴിഞ്ഞു.

ബസ് ജീവനക്കാരുടെ പെരുമാറ്റം

8 (*269) ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എ. കണാരൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ബസ് യാത്രക്കിടയിൽ വനിതകൾ, വിദ്യാർത്ഥിനികൾ, വികലാംഗർ തുടങ്ങിയവർക്ക് ബസ്സ് ജീവനക്കാരിൽ നിന്നും വിവേചനപരവും മര്യാദരഹിതവുമായ പെരുമാറ്റം ഉണ്ടാകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് ഗതാഗതവകുപ്പ് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശ്യമുണ്ടോ ; എങ്കിൽ എന്ത് എന്ന് വ്യക്തമാക്കുമോ ;

(സി) വനിതകൾ, വിദ്യാർത്ഥിനികൾ, വികലാംഗർ എന്നിവർക്ക് ബസ്സ് യാത്രക്കിടയിൽ ഉണ്ടായിട്ടുള്ള വിവേചനപരവും മര്യാദരഹിതവുമായ പെരുമാറ്റം തടയുന്നതിനെ സംബന്ധിച്ച് നിയമസഭയിൽ സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി എന്തെങ്കിലും ശുപാർശ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശ്യമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സീറ്റ് ഒഴിഞ്ഞു കിടന്നാലും വനിതകളേയും വിദ്യാർത്ഥിനികളേയും ഇരിക്കാൻ അനുവദിക്കാതിരിക്കുക, വിദ്യാർത്ഥികൾ ഉള്ള സ്റ്റോപ്പിൽ ബസ് നിറുത്താതിരിക്കുക, വനിതകൾക്കായി മാറ്റി വച്ചിട്ടുള്ള സീറ്റുകളിൽ അവർക്ക് ഇരിക്കുന്നതിനുള്ള അവസരം കൊടുക്കാതിരിക്കുക എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ബസ് യാത്രയ്ക്കിടയിൽ വനിതകൾ, വിദ്യാർത്ഥിനികൾ, വിദ്യാർത്ഥികൾ, വികലാംഗർ എന്നിവർക്ക് ഉണ്ടാകാറുള്ള ദുരനുഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ) ഉണ്ട്.

(ബി) ഇത്തരം കുറ്റങ്ങൾ ചെയ്യുന്ന ബസ്സ് ജീവനക്കാർക്കെതിരെ മോട്ടോർ വാഹന ചട്ടങ്ങളും നിയമങ്ങളും അനുശാസിക്കുന്ന തരത്തിലുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നുണ്ട്. ബന്ധപ്പെട്ട മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്കും പോലീസ് അധികാരികൾക്കും ഇത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളിലും ഇത്തരം സംഭവങ്ങൾ ഉണ്ടായതിനെ തുടർന്ന് അന്വേഷണം നടത്തി കുറ്റക്കാരെന്ന് കണ്ട ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നിയമസഭ സമിതിയുടെ ശുപാർശയിന്മേൽ ഗതാഗതവകുപ്പു സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നവയാണ്.

1. ജില്ലാ കളക്ടർ ചെയർമാനായുള്ള സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി മൂന്നു മാസത്തിലൊരിക്കൽ വിളിച്ചു കൂട്ടുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. യാത്രാക്കാരോടുള്ള ബസ് ജീവനക്കാരുടെ മോശമായ പെരുമാറ്റത്തിനെതിരെ കൈക്കൊള്ളാവുന്ന ശിക്ഷാ നടപടികളെക്കുറിച്ച് യാത്രക്കാരേയും ബസ് ജീവനക്കാരേയും ബോധവാന്മാരാക്കുന്നതിന് ഒരു പത്രക്കുറിപ്പ് നൽകിയിട്ടുണ്ട്.

3. മേൽപ്പറഞ്ഞ കുറ്റങ്ങൾക്ക് എഫ്.ഐ.ആർ. തയ്യാറാക്കുന്നതിന് എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടൻമാർക്കും സിറ്റി പോലീസ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

4. കണ്ടക്ടർമാർ, കിളികൾ എന്നിവരുടെ സ്ത്രീകൾക്കും കുട്ടികൾക്കും നേർക്കുള്ള മോശമായ പെരുമാറ്റം, വിദ്യാർത്ഥിനികൾക്ക് കയറുന്നതിന് ബസ് നിറുത്തി കൊടുക്കാതിരിക്കുക തുടങ്ങിയ പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിൽ, കഴിഞ്ഞ ഒരു വർഷക്കാലം ലഭിച്ച പരാതികളുടെ എണ്ണത്തെ കുറിച്ചുള്ള കണക്ക് സർക്കാരിന് സമർപ്പിക്കുവാൻ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. വികലാംഗ യാത്രക്കാർ നൽകുന്ന തിരിച്ചറിയൽ കാർഡ് (കൺസഷനുവേണ്ടി) പരിഗണിക്കാതിരിക്കുന്ന കണ്ടക്ടർമാർക്കെതിരെ നടപടി സ്വീകരിക്കുവാൻ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് ;

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ഉണ്ട്. മോട്ടോർ വാഹന നിയമം അനുശാസിക്കുന്ന ശിക്ഷണ നടപടികളായ പെർമിറ്റ് റദ്ദു ചെയ്യൽ, ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യൽ, പിഴ ഈടാക്കൽ തുടങ്ങിയ ശിക്ഷണ നടപടികൾ കൈക്കൊണ്ടുവരുന്നു.

കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ നിർത്തലാക്കിയത് മൂലമുള്ള ബുദ്ധിമുട്ടുകൾ

3 (*270) ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ലോക്കൽ ഷെഡ്യൂളുകളും ചെയിൻ സർവ്വീസുകളും നിർത്തലാക്കുന്നതുമൂലം പൊതുജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെ.എസ്.ആർ.ടി.സി യുടെ പ്രതിദിന കളക്ഷൻ ട്രഷറിയിൽ അടയ്ക്കുകയും ഡീസൽ വാങ്ങുന്നതിനുള്ള പണം ട്രഷറി നിയന്ത്രണംമൂലം ലഭ്യമല്ലാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം മൂലമാണ് ഇപ്രകാരം സംഭവിക്കാനിടയായത് എന്ന സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly